©
കേരള സർക്കാർ
Government of Kerala
2014

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2012-14

# കേരള ഗസറ്റ്
# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
**PUBLISHED BY AUTHORITY**

| വാല്യം 3 Vol. III | തിരുവനന്തപുരം, ചൊവ്വ Thiruvananthapuram, Tuesday | 2014 ജൂൺ 24 24th June 2014 · 1189 മിഥുനം 10 10th Mithunam 1189 · 1936 ആഷാഢം 3 3rd Ashadha 1936 | നമ്പർ No. 25 |
|---|---|---|---|

## PART III

# Forest Department

**OFFICE OF THE CUSTODIAN (ECOLOGICALLY FRAGILE LANDS) AND ADDITIONAL PRINCIPAL CHIEF CONSERVATOR OF FORESTS (WP & R), THIRUVANANTHAPURAM**

DENOTIFICATION

[Under Section 3(2) of the Kerala Forest (Vesting and Management of EFL) Act, 2003]

No. EFL-10-358/2014. *3rd June 2014.*

The Land described in the schedule below is hereby denotified from the Ecologically Fragile Land.

SCHEDULE

| *Sl. No.* | *District* | *Taluk* | *Forest Division* | *Range* | *Locality* | *Village* | *Survey No. with Sub-division* | *Extent in Hectares (Approx.)* | *Boundaries* | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | *North* | *East* | *South* | *West* |
| 1 | Palakkad | Mannarkkad | Mannarkkad | Mannarkkad | Anamooly | Palakkayam | 1960/pt | 3.5940 | Private Land and EFL | Vested Forest | Vested Forest | Private Land |

**Explanatory Note**

(This does not form part of the notification, but is intended to indicate the general purpose)

As extend of 8.0900 Ha. of land in Sy. No. 1960/Pt. of Palakkayam Village of of Anamooly locality of Mannarkkad Forest Range in Mannarkkad Taluk, Mannarkkad Forest Division in Palakkad District was notified as Ecologically Fragile Lands under Section 3(1) of Kerala Forest (Vesting and Management of EFL) Ordinance-2000 as per Notification No. C4-22437/2000 dated 20-10-2000, published in Kerala Gazette No. 1, Volume 46 dated 2-1-2001 as Sl. No. 18.

Following the procedure prescribed under Section 19(3)(b) of the Kerala Forest (Vesting and Management of Ecologically Fragile Lands) Act, 2003, the Custodian (Ecologically Fragile Lands) and Additional Principal Chief Conservator of Forests (WP & R) as per Order No. EFL-7-6928/05 dated 19-3-2014 has ordered to exclude the land having an extent of 3.5940 Ha. in Bit No. 3, which is having rubber plants and “Mucuna” from the purview of the Ecologically Fragile Lands.

Above notification is published to achieve the said purpose.

(Sd.)

*Custodian (Ecologically Fragile Lands) &*
*Addl. Principal Chief Conservator*
*of Forests (WP&R).*

---

**മറയൂർ ചന്ദന ഡിവിഷൻ**

ലേല/ദർഘാസ് പരസ്യം

നമ്പർ ഇ-940/2014. 2014 മേയ് 26.

മറയൂർ ചന്ദന ഡിവിഷനിൽ മറയൂർ റെയിഞ്ചിൽ സർക്കാർ വക ചന്ദന ഡിപ്പോയിൽ ചെത്തിമിനുക്കി സൂക്ഷിച്ചിട്ടുള്ളതും താഴെ പട്ടികയിൽ വിവരിക്കുന്നതുമായ ചന്ദനത്തടികൾ (ബില്ലറ്റുകൾ, വേരുകൾ, ചീളുകൾ), ചന്ദന അറക്കപൊടി, ചന്ദനവെള്ള എന്നിവ 2014 ആഗസ്റ്റ് മാസം 7-ാം തീയതി വ്യാഴാഴ്ച പകൽ 10 മണിക്ക് മറയൂർ ഡിവിഷണൽ ഫോറസ്റ്റ് ആഫീസറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ മറയൂർ സർക്കാർ ചന്ദന ഡിപ്പോയിൽ വെച്ച് (മൂന്നാർ-ഉടുമൽ പേട്ട് റോഡിൽ മൂന്നാറിൽ നിന്ന് 42 കിലോമീറ്റർ വടക്കു കിഴക്ക് ദിശയിലും, ഉടുമൽ പേട്ടയിൽ നിന്ന് 45 കിലോമീറ്റർ തെക്ക് പടിഞ്ഞാറ് ദിശയിലും മറയൂർ സ്ഥിതി ചെയ്യുന്നു.) കൊല്ലം റീജിയണൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെയും, കോട്ടയം ഹൈറേഞ്ച് സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെയും സാന്നിദ്ധ്യത്തിൽ ഈ ചന്ദന നോട്ടിഫിക്കേഷൻ പ്രകാരമുള്ള പൊതു ദർഘാസ്/ലേല നിബന്ധനകളും, 22-12-2009-ലെ 50-ാമത് കേരള ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം), തിരുവനന്തപുരത്തിന്റെ 2-12-2009-ലെ പ്രൊ-(5)-6835/2009-ാം നമ്പർ നോട്ടിഫിക്കേഷൻ പ്രകാരമുള്ള പൊതുദർഘാസ്/ലേല നിബന്ധനകളും 14-10-2008-ലെ 41-ാമത് കേരള ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള മറയൂർ സാന്റൽ ഡിവിഷണൽ ഫോറസ്റ്റ് ആഫീസറുടെ എം. ഡി. ഇ. 3991/2007 അംഗീകൃത നോട്ടിഫിക്കേഷൻ തീയതി 17-9-2008 പ്രകാരമുള്ള ചന്ദന ദർഘാസ്/ലേല നിബന്ധനകളും പ്രകാരം പരസ്യമായി ദർഘാസ്/ലേലം ചെയ്തു വിൽക്കുന്നതാണ്. ടി ദർഘാസ്/ലേലദിവസം ഏതെങ്കിലും കാരണവശാൽ ദർഘാസ്/ലേലം നടത്താൻ കഴിയാതെ വന്നാൽ തൊട്ടടുത്ത പ്രവർത്തി ദിവസം നിശ്ചിത സ്ഥലത്തും സമയത്തും വെച്ച് ദർഘാസ്/ലേലം നടത്തുന്നതായിരിക്കും. ദർഘാസിന് ആവശ്യമായ ഫോറങ്ങൾ `300 സർക്കാർ അതത് കാലങ്ങളിൽ നിശ്ചയിക്കുന്ന വിൽപന നികുതിയും അടച്ച് മറയൂർ ഫോറസ്റ്റ് റെയിഞ്ചാഫീസിൽ നിന്നും ദർഘാസ്/ലേല തീയതിക്ക് ഒരാഴ്ച മുൻപ് മുതൽ ലേല തീയതി രാവിലെ 8 മണിവരെ ലഭ്യമാണ്. ദർഘാസ്/ലേല ദിവസം രാവിലെ 9 മണിവരെ മറയൂർ റെയ്ഞ്ചാഫീസിൽ ദർഘാസുകൾ സ്വീകരിക്കുന്നതാണ്. നിശ്ചിത സമയത്തിനുശേഷം ലഭിക്കുന്ന ദർഘാസ് ഫോറങ്ങളും, അപൂർണ്ണവും ന്യൂനതയുള്ളതുമായ ദർഘാസ് ഫോറങ്ങളും നിരാകരിക്കുന്നതാണ്. ദർഘാസ് സമർപ്പിക്കുന്ന ആൾ ദർഘാസ് ഫോറങ്ങളിൽ അവർ വാങ്ങാനുദ്ദേശിക്കുന്ന ലോട്ട് നമ്പരുകളും നിരക്കുകളും വ്യക്തമായി രേഖപ്പെടുത്തി ഒപ്പിടേണ്ടതാണ്.